"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - സ്വകാര്യ എയ്ഡഡ് കോളേജുകളിൽ യു.ജി.സി ലൈബ്രേറിയന്മാരുടെ നേരിട്ടുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സ് ആയി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(അച്ചടി) നം.19/2024/HEDN    തീയതി,തിരുവനന്തപുരം, 07-08-2024

---

പരാമർശം:- 1. സ.ഉ.(പി) നം. 41/1994/ഉ.വി.വ തീയതി 21.03.1994

2. സ.ഉ.(അച്ചടി) നം. 4/2023/ഉ.വി.വ തീയതി 11.04.2023.

3. 20.06.2023 - തീയതിയിലെ C6/22386/2023/DCE നമ്പർ കത്ത്.

<u>ഉത്തരവ്</u>

വിവിധ സർവ്വകലാശാലകളിലും, സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സ് ആയി നിശ്ചയിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. നിയമനത്തിന്റെ യോഗ്യതയും ശമ്പള സ്കെയിലും യു.ജി.സി അദ്ധ്യാപകർക്കും യു.ജി.സി ലൈബ്രേറിയൻമാർക്കും ഒന്നാണ്. യു.ജി.സി റെഗുലേഷനിൽ യു.ജി.സി ലൈബ്രേറിയൻമാരുടെ പ്രായപരിധി നിശ്ചയിച്ചിട്ടില്ല. ആയതിനാൽ യുജിസി ലൈബ്രേറിയൻ നിയമനത്തിനുള്ള ഉയർന്ന പ്രായപരിധിയും 50 വയസ്സായി നിജപ്പെടുത്തി ഉത്തരവ് നൽകണം എന്ന് പരാമർശം (3) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് കോളേജുകളിൽ യു.ജി.സി ലൈബ്രേറിയൻ തസ്തികയിലെ നേരിട്ടുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സ് ആയി നിശ്ചയിച്ച് ഉത്തരവാകുന്നു. സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ ആവശ്യമായ ഭേദഗതി അതാത് സർവ്വകലാശാലകൾ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിനി .ജെ .ഷുക്കൂർ
അഡിഷണൽ സെക്രട്ടറി

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2) എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) തിരുവനന്തപുരം 4) ധനകാര്യ വകുപ്പ് ( 2576049/EDN-B3/183/2023-FIN Finance Education B dated 20/05/2024)
5) www.highereducation.kerala.gov.in

6) ഓഫീസ് കോപ്പി (ഡി3/213/2024/ഉവിവ)

ഉത്തരവിൻ പ്രകാരം

Signed by
Rahmathunnisa Chenatukuzhiyan
Date: 07-08-2024 17:36:21
സെക്ഷൻ ഓഫീസർ